# കത്തുകൾ, പ്രതികരണങ്ങൾ






ഓർമ്മിപ്പിച്ചതിന് നന്ദി.

എൻഡോസൾഫാൻ എല്ലാവരും ഏറ്റു പിടിച്ച സ്ഥിതിക്ക് അതിന്റെ കാലം കഴിഞ്ഞു എന്ന് സമാധാനിക്കാം. പക്ഷെ അതിനേക്കാൾ മാരകമായ മറ്റ് രാസ-കീടനാശിനികളും വളങ്ങളും നമ്മൾ എന്തുചെയ്യാൻ പോവുക യാണ്? കഴിഞ്ഞ ലക്കം കേരളീയം 'കാലൻ ഓർമ്മിപ്പിച്ചത്' (പത്രാധിപ ക്കുറിപ്പുകൾ) ചെറുതെങ്കിലും എല്ലാ വരും വിട്ടുപോകാനിടയുള്ളത് ഓർമ്മി പ്പിച്ചതിന് നന്ദി. മാരണം ഒഴിയട്ടെ. ശുദ്ധവായു, ശുദ്ധജലം, ശുദ്ധമായ മണ്ണ്, കൃഷി, ആരോഗ്യം സമൃദ്ധമായു ണ്ടാകട്ടെ.

**കെ. കൃഷ്ണൻ,**
**കൂട്ടുപാത, പാലക്കാട്**

**ഫാ. അഗസ്റ്റിൻ വട്ടോലി** യുടെ കാശ്മീർ അനുഭവ ത്തിൽ പറയുന്നതുപോലെ ('നിലയ്ക്കാത്ത കല്ലേറുകളും മുറിവേറ്റ താഴ്‌വരയും' - കേര ളീയം, നവംബർ ലക്കം) കാശ്മീരികളുടെ വികാരം ഇന്ത്യയ്ക്കെതിരാണോ? അത് സത്യമാണെങ്കിലും അല്ലെ ങ്കിലും അരുന്ധതി റോയിക്ക് അതുപറയാൻ ജനാധിപത്യ അവകാശമുണ്ട്, ആവിഷ്കാര സ്വാതന്ത്ര്യമുണ്ട്. അവർ പറ

പട്ടാളത്തെ തിരികെ വിളിക്കാതെ താഴ്‌വര യിൽ സമാധാനം പുനസ്ഥാപി ക്കാൻ കഴിയില്ലെന്നത് അനുഭ വങ്ങളിൽ നിന്നും ബോധ്യ മായ കാര്യമാണ്. ലേഖകൻ പറയുന്നതുപോലെ കാശ്മീർ ജനതയുടെ ഹൃദയത്തിൽ ഇടം നേടാനുള്ള ആത്മാർത്ഥവും സത്യസന്ധവു മായ വഴികൾ തിരയുകയാണ്

## ആരാണ് രാജ്യദ്രോഹി, അരുന്ധതിയോ?

ഞ്ഞതിൽ എന്താണ് രാജ്യദ്രോ ഹം? ജനങ്ങൾക്ക് തങ്ങളുടെ ഭാഗധേയം, ഭാവി തീരുമാനി ക്കാനുള്ള അവകാശമില്ലേ? ഇന്ത്യാ ഗവൺമെന്റിന്റെ ഭീക രത സ്വന്തം ജനങ്ങളുമേ ലാണോ പ്രയോഗിക്കുന്നത്.

സർക്കാർ ചെയ്യേണ്ടത്. അല്ലാതെ അരുന്ധതിയെ കൂട്ടി ലടച്ച് വീണ്ടും ജനാധിപത്യ ധ്വംസനത്തിന്റെ വഴികൾ തുറ ക്കുകയല്ല വേണ്ടത്.

**വർഗീസ് പി. ചേമഞ്ചേരി,**
**കോഴിക്കോട്**




മേതിൽ വേണുഗോപാൽ